**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **10-08-2023 - ൽ മറുപടിയ്ക്ക്**

**ന്യൂനമർദ്ദ ആഘാതങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനമർദ്ദം മൂലമുള്ള ആഘാതത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ന്യൂനമർദ്ദം മൂലമുള്ള ആഘാതത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഫിഷറീസ് വകുപ്പ് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് തീരദേശത്ത് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് തീരദേശത്ത് നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ ചുറ്റളവ് വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് ഇൻകോയിസ് (Indian National Centre for Ocean Information Services) നെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കു 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ഇൻകോയിസ്-ന് കൈമാറിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാ സമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച ഓരോ റീജിയണൽ |

| | | | |
|---|---|---|---|
| | | | കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ ദേശീയ ദുരന്ത നിവാരണ അതോറിറ്റി (എൻ.ഡി.എം.എ), കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ) എന്നിവിടങ്ങളിൽ നിന്നും വരുന്ന മുന്നറിയിപ്പുകളും ഇൻകോയിസ് വഴി മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നു. ഇതു കൂടാതെ തീരദേശ ജില്ലകളിൽ മൈക്ക് അനൗൺസ്മെന്റ് വഴിയും , തീരദേശ ആരാധനാലയങ്ങൾ , മത്സ്യത്തൊഴിലാളി കളുടെ വാട്സ്ആപ് ഗ്രൂപ്പുകൾ , എഫ് . എം റേഡിയോകൾ , തീരദേശ ജാഗ്രത സമിതികൾ എന്നിവ വഴിയും അപകട മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളി കളിലേയ്ക്ക് എത്തിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ